**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3961** **09-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിന് ആനുപാതികമായി ക്ഷീരകർഷകർക്ക് വില ലഭിക്കാത്തതിനാൽ അവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പാൽ വില വർദ്ധനവ് അവസാനമായി നടത്തിയത് 01.12.2022- ലാണ്. അതിനുശേഷം കാലിത്തീറ്റയുടെ വിലയുൾപ്പെടെ പാലുല്പാദന ചെലവ് വർദ്ധിച്ചിട്ടുണ്ട്. ഉൽപാദന ചെലവ് ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ ധനസഹായം തുടങ്ങിയ പദ്ധതികൾ പരമാവധി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ക്ഷീരവികസന വകുപ്പ് നടത്തുന്നുണ്ട്.<br><br>ക്ഷീരകർഷകർക്ക് ആശ്വാസമായി സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും, വർഷം മുഴുവനും കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചുകൊണ്ടും മിൽമ പരമാവധി ക്ഷീരകർഷകരെ സഹായിച്ചുപോരുന്നുണ്ട്. |
| (ബി) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകുവാൻ പ്രസ്തുത മേഖലയിലെ കർഷകർക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിശദമായ മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാലിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ കൂടുതൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കാലിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ സഹായിക്കുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>1. ക്ഷീരസംഘങ്ങൾ വഴി വച്ചപ്പുൽ, സൈലേജ്, വയ്ക്കോൽ വിതരണം<br>2. ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിത വിതരണം<br>3. ത്രിതല പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരസംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം പദ്ധതിയ്ക്ക് |

| | | | |
|---|---|---|---|
| | | | പരമാവധി തുക വിനിയോഗിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.<br><br>മിൽമയുടെ സാമ്പത്തിക പരിമിതികൾക്കിടയിൽ നിന്നുകൊണ്ട് കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യുണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആയത് തുടർന്നും ഫെഡറേഷന്റെയും മേഖലാ യൂണിയനുകളുടെയും ധനസ്ഥിതി അനുസരിച്ച് നൽകുന്നതായിരിക്കും. കാലിത്തീറ്റ സബ്സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്ന നിലവിലെ മേഖലാ യൂണിയൻ പദ്ധതികളും യഥാവിധി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2025-26 വർഷത്തിൽ ക്ഷീരവികസന വകുപ്പ് സംസ്ഥാനത്ത് ഒട്ടാകെ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. **മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം [MSDP]**

ഒരു പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗമായുള്ള കർഷകർക്കുള്ള പദ്ധതി

രണ്ട് പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി
അഞ്ച് പശു യൂണിറ്റ് - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി പത്ത് പശു യൂണിറ്റ് - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ

ഇരുപത് പശു യൂണിറ്റ്- ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ

2. **ക്ഷീര യുവ (സ്മാർട്ട് ഡയറി ഫാം)** - യുവ സംരംഭകർക്കുള്ള പ്രത്യേക ഡയറി ഫാം പദ്ധതി (ലോൺ ബാധകം)

3. **ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി** - ജെ എൽ ജി, എസ് എച്ച് ജി , എഫ് പിഒ,മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി (ലോൺ ബാധകം)

4. **ക്ഷീരഗ്രാമം** - തെരഞ്ഞെടുത്ത 40 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി

5. **കിടാരി പാർക്ക് (Heifer Park)** - 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ; ഗ്രൂപ്പുകൾ /ക്ഷീരസംഘങ്ങൾ FPO/JLG/SHG)

6. **ക്ഷീര തീരം** - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം)

7. **ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം** -ക്ഷീര കർഷകർ എടുക്കുന്ന വായ്പകളുടെ പലിശ തിരികെ നൽകുന്ന പദ്ധതി

8. **അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ്** (ആവശ്യാധിഷ്ഠിത ധനസഹായം)

- ധാതുലവണ മിശ്രിതം വിതരണം
- ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും
- കാലിത്തൊഴുത്ത് നിർമ്മാണം
- കറവയന്ത്രം
- കൊമ്മേഴ്സ്യൽ ഡയറി ഫാമുകളുടെ ആധുനികവൽക്കരണം

9. **തീറ്റപ്പുൽകൃഷി വികസന പദ്ധതി**

ക്ഷീരകർഷകർ , ക്ഷീരസംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും

20 സെന്റിന് മുകളിൽ– സബ്സിഡി തുക 33,000 /–രൂപ / ഹെക്ടർ

20 സെന്റിൽ താഴെ–സൗജന്യ പുൽക്കട വിതണം മാത്രം

ജലസേചന ധനസഹായം– 1 ഏക്കറിൽ താഴെയുള്ള പുൽകൃഷി

ജലസേചന ധനസഹായം– 1 ഏക്കറിന് മുകളിലുള്ള പുൽകൃഷി

10. **യന്ത്രവൽക്കരണ ധനസഹായം** –

ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി

വാണിജ്യാടിസ്ഥാനത്തിൽ തരിശു നിലത്തിൽ തീറ്റപ്പുൽ കൃഷി – 1 ഹെക്ടർ സ്ഥലത്ത്

വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി .

ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് ( ജെ എൽജി/ എസ് എച്ച് ജി) – 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി

ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം

11. **കണ്ടിജൻസി ഫണ്ട്** – ക്ഷീരകർഷകർക്ക് പശു വളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം

12. ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുൽ,സൈലേജ്, വയ്ക്കോൽ വിതരണം

13. ക്ഷീരസംഘങ്ങൾ വഴി ധാതുലവണ മിശ്രിത വിതരണം

14. ഫാം ലെവൽ ഹൈജീൻ – 5 പശുക്കൾ മുതലുള്ള ഫാമുകളിലെ ശുചിത്വ വൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതി

**ക്ഷീരകർഷകരുടെയും അതുവഴി ക്ഷീരമേഖലയുടെയും ഉന്നമനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കു സമാന്തരമായിത്തന്നെ മിൽമ തുടങ്ങിവച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

- ക്ഷീരമേഖലയിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാനും കർഷകർക്കായുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ധാരണാപത്രം കെ.സി.എം.എം.എഫും കേരളാ ബാങ്കുമായി 08.01.2025-ൽ ഒപ്പുവക്കുകയും ഇതിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന ക്ഷീരമിത്ര വായ്പാ പദ്ധതിയാണ് ഇതിൽ പ്രധാനം.

- കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി വർഷത്തിലുടനീളം (12 മാസവും ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചു വരുന്നു.

- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78 ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.

- കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ

വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, “മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്യിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിവവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

- മിൽമ മേഖലാ യൂണിയനുകളുടെ സ്ഥിരം നിയമനങ്ങളിൽ ക്ഷീര കർഷകർക്കും ': അവരുടെ ആശ്രിതർക്കും, മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ, മുൻഗണന (weightage) അനുവദിക്കുന്നത് സംബന്ധിച്ച് ദീർഘകാലമായുള്ള മേഖലായൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിച്ചുകൊണ്ട് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്.

- മിൽമയുടെ മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലായൂണിയനുകളിലെ സ്ഥിര നിയമനങ്ങളിലാണ് സംവരണം പ്രാബല്യത്തിൽ വരിക. ഇത് ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി ക്ഷീരമേഖല ശക്തി പ്രാപിക്കുന്നതിനും സഹായകമാകുന്നതോടൊപ്പം തന്നെ, ഈ മേഖലയിലേക്ക് പുതിയ തലമുറ എത്തുന്നില്ല എന്ന പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

**KLDB**

പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ ആകെ പാലുൽപ്പാദനം 33.8 ലക്ഷം മെട്രിക് ടണ്ണും ഒരു പശുവിൽ നിന്നും പ്രതിദിന പാലുൽപ്പാദനം 13.5 ലിറ്ററും ആക്കേണ്ടതുണ്ട്. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എൽ.ഡി.ബോർഡ് വിവിധ പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ മേഖലാ വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമതയെ സാരമായി

ബാധിക്കുന്ന വന്ധ്യതാ പ്രശ്നങ്ങൾ പരിഹരിക്കുവാനും, ഇതിലൂടെ ഈ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമത പൂർണ്ണമായും ഉപയോഗിക്കുവാനും സാധിക്കുന്നതാണ്.

സർക്കാരിന്റെ പ്രത്യേക താൽപ്പര്യപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme – Sex Sorted) പദ്ധതിയിലൂടെ ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം, സംസ്ഥാനത്തൊട്ടാകെ മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെയും, APCOS ബീജാധാന കേന്ദ്രങ്ങളിലൂടെയും, സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിലൂടെയും ചെയ്തുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ മുന്തിയ ഇനത്തിൽപ്പെട്ട പശുക്കുട്ടികൾ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുകയും അവയിലൂടെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുവാനും സാധിക്കുന്നതാണ്.

ഭ്രൂണമാറ്റ പ്രക്രിയയിലൂടെ മുന്തിയ ഇനം പശുക്കുട്ടികളെ ഉല്പാദിപ്പിക്കുന്നതിന് വേണ്ടി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഭ്രൂണമാറ്റ ലബോറട്ടറി കൂടി കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തിക്കുന്ന റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. ഭ്രൂണമാറ്റത്തിനും, IVF സാങ്കേതിക വിദ്യയ്ക്കും മൊബൈൽ സേവനവും ഈ കേന്ദ്രങ്ങൾ നൽകുന്നതാണ്. ആവശ്യമുള്ള ക്ഷീരകർഷകർക്ക് ന്യായമായ നിരക്ക് ഈടാക്കി അവരുടെ കിടാരികളിൽ ഭ്രൂണമാറ്റ സാങ്കേതിക സൗകര്യം അവരുടെ വീട്ടുപടിക്കൽ ചെയ്യുന്നതാണ്.